ദേശാഭിമാനി
5 October 2018

# ദേശീയ മാരി കൾച്ചർ: കരടുനയം തയ്യാറായി

**കൊച്ചി**

കൂടുമത്സ്യക്കൃഷി, കക്കയിനങ്ങളുടെ കൃഷി, പെൻ കൾച്ചർ, പായൽ കൃഷി തുടങ്ങിയവയ്ക്കായി കടലിൽ പ്രത്യേക മാരികൾച്ചർ മേഖലകൾ നിർദേശിക്കുന്ന ദേശീയ മാരി കൾടച്ചർ കരട് നയം തയ്യാറായി. വിവിധ സമുദ്രജല കൃഷികൾ രാജ്യത്ത് പ്രോത്സാഹിപ്പിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, വരുമാനം വർധിപ്പിക്കുക, സംരംഭകത്വം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കാനുള്ള നിർദേശങ്ങളാണ് കരട് നയത്തിലുള്ളത്.

കേന്ദ്ര കാർഷിക മന്ത്രാലയത്തിന് കീഴിലെ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ നിർദേശത്തിൽ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) ഡയറക്ടർ അധ്യക്ഷനായ വിദഗ്ധ സമിതിയാണ് കരട് നയം തയ്യാറാക്കിയത്. പ്രതികരണങ്ങൾക്കായി 31 വരെ കരട് നയത്തിന്റെ പൂർണ രൂപം സിഎംഎഫ്ആർഐ, എൻഎഫ്ഡിബി വെബ്സൈറ്റുകളിൽ ലഭിക്കും.

വിദേശ മത്സ്യങ്ങളെയും ജനിതകമാറ്റം വരുത്തിയ മീനുകളെയും കടലിൽ കൃഷി ചെയ്യാൻ അനുവദിക്കില്ല. വിത്തുക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി ഹാച്ചറികളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിന് പ്രത്യക പദ്ധതി നടപ്പാക്കും. കടൽക്കൃഷി കൂടുതൽ ജനകീയമാക്കുന്നതിന് സാമ്പത്തിക സഹായം ഉൾപ്പെടെയുള്ളവ കർഷകർക്ക് ലഭ്യമാക്കണമെന്ന് കരട് നയം സർക്കാരിനോട് നിർദേശിക്കുന്നു. നിലവിൽ ഈ മേഖലയിൽ ഇൻഷുറൻസ് പരിരക്ഷ ഇല്ലാത്തതിനാൽ, അനുയോജ്യമായ ഇൻഷുറൻസ് സ്കീമുകൾ അവതരിപ്പിക്കാനും നിർദേശമുണ്ട്.

വിപണന സഹായം, ഭക്ഷ്യസുരക്ഷ, ഇക്കോലാബലിങ് അംഗീകാരം തുടങ്ങിയവയുമായി ബന്ധപ്പെട്ട നിർദേശങ്ങളും ദേശീയ കരട് നയത്തിലുണ്ട്.

കരട് നയത്തിന്റെ പൂർണരൂപം ലഭിക്കുന്നതിന് വെബ്സൈറ്റ് സന്ദർശിക്കുക www.cmfri.org.in, www.nfdb.gov.in. വെബ്സൈറ്റിൽ നിർദേശിക്കുന്ന രൂപത്തിൽ info.nfdb.dpm@gmail.com എന്ന വിലാസത്തിലേക്ക് പ്രതികരണങ്ങൾ 31ന് മുമ്പായി ഇമെയിൽ ചെയ്യണം.